22962
31/10/14

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്-കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ വ്യാജപട്ടയങ്ങൾ ഉപയോഗിച്ച് സ്ഥലം കൈവശം വയ്ക്കുകയും അനധികൃതമായി മരംമുറി നടത്തുകയും ചെയ്യുന്നു എന്ന ആരോപണം സംബന്ധിച്ച അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - അന്വേഷണാധികാരിയെയും പ്രസന്റിംഗ് ഓഫീസറെയും മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### വനം വന്യജീവി (എ) വകുപ്പ്

സ.ഉ(സാധാ)നം. 407/2017/വനം    തീയതി, തിരുവനന്തപുരം, 27.10.2017

---

പരാമർശം : 1) 01.08.2017 ലെ സ.ഉ(സാധാ)നം. 289/2017/വനം ഉത്തരവ്

2) 03.10.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-15716/2014 നമ്പർ കത്ത്

## ഉത്തരവ്

കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ വ്യാജപട്ടയങ്ങൾ ഉപയോഗിച്ച് സ്ഥലം കൈവശം വയ്ക്കുകയും അനധികൃതമായി മരംമുറി നടത്തുകയും ചെയ്യുന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടിയിൽ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.എസ്.ജി.മഹേഷ് കുമാർ, ഐ.എഫ്.എസ്.നെ അന്വേഷണാധികാരിയായും, ഇടുക്കി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ആയ ശ്രീ.ബി.രാഹുലിനെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ചുകൊണ്ട് ഔപചാരികാന്വേഷണത്തിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ഈ വിഷയത്തിലുള്ള പ്രാഥമിക അന്വേഷണത്തിൽ പങ്കാളിയായ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് ഇതേ വിഷയം സംബന്ധിച്ച അന്വേഷണാധികാരിയാകുന്നത് നിഷ്പക്ഷമായ അന്വേഷണ സംവിധാനത്തിന് സാഹചര്യമുണ്ടാക്കില്ല എന്നും അതിനാൽ പ്രസ്തുത ഉത്തരവിലെ അന്വേഷണാധികാരിയുടെ സ്ഥാനത്തുനിന്നും ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെട്ട് ശ്രീ.എസ്.ജി.മഹേഷ് കുമാർ, ഐ.എഫ്.എസ്. അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും കൂടാതെ പ്രസന്റിംഗ് ഓഫീസറായ ശ്രീ.ബി.രാഹുൽ, ഇടുക്കി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന്റെ ഇപ്പോഴത്തെ മേലുദ്യോഗസ്ഥൻ കുറ്റാരോപിതനായ ശ്രീ.പി.യു.സാജു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണെന്നും അതിനാൽ ഈ വിഷയത്തിൽ നിഷ്പക്ഷമായ അന്വേഷണ സംവിധാനത്തിന് സാഹചര്യം ഉള്ളതായി കാണുന്നില്ലായെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2) പ്രകാരം അറിയിച്ചു.

3) ടി കേസിൽ ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണാധികാരിയായി കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീമതി.ദീപ ഐ.എഫ്.എസ്.നെയും പ്രസന്റിംഗ് ഓഫീസറായി കോടനാട് റെയിഞ്ച് ഫോറസ്റ്റ്

ഓഫീസറായ ശ്രീ.ധനിക് ലാലിനെയും നിയമിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്തു.

4) മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം ഉത്തരവായ ഔപചാരികാന്വേഷണത്തിന് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീമതി.ദീപ ഐ.എഫ്.എസ്.നെ അന്വേഷണാധികാരിയായും കോടനാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ധനിക് ലാലിനെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) അന്വേഷണാധികാരി അന്വേഷണ റിപ്പോർട്ട് കർശനമായും 2 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

ശ്രീമതി.ദീപ ഐ.എഫ്.എസ്,
കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ശ്രീ.ധനിക് ലാൽ,
കോടനാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
ശ്രീ.എസ്.ജി.മഹേഷ് കുമാർ ഐ.എഫ്.എസ്,
കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ശ്രീ.ബി.രാഹുൽ, ഇടുക്കി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ
ശ്രീ.പി.യു.സാജു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,
ശ്രീ.റ്റി.സനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
ശ്രീ.എം.പി.പ്രസാദ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
ശ്രീ.കെ.എൻ.സഹദേവൻ, സെക്ഷൻഫോറസ്റ്റ് ഓഫീസർ
ശ്രീ.അഗസ്റ്റിൻ ജോസഫ്, റെയിഞ്ച് ഓഫീസർ (റിട്ട)
} ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ